പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1994 19.06.2012 -ലെ മറുപടി

വൈപ്പിൻ- പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി രാത്രികാല ബസ് സർവ്വീസ്

ചോദ്യം

ശ്രീ. എസ്. ശർമ്മ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈപ്പിൻ മണ്ഡലത്തിൽ രാത്രികാലങ്ങളിലും അതിരാവിലെയും യാത്ര ചെയ്യുന്നതിന് പൊതുജനം ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | യാത്രാക്ലേശം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടിയെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | രാത്രിയിൽ സർവ്വീസ് നടത്താത്ത ബസ്സുകൾക്കെതിരെ ചെക്കിംഗ് നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി തിരുകൊച്ചി ഉൾപ്പെടെ 33 ഷെഡ്യൂളുകളിലായി 80 റൗണ്ട് ട്രിപ്പുകൾ വൈപ്പിൻ ദ്വീപിലേക്കും തിരിച്ചും നടത്തുന്നുണ്ട്. നോർത്ത് പറവൂരിൽ നിന്നും രാവിലെ 04.45 -ന് എറണാകുളത്തേക്ക് കെ.എസ്.ആർ.ടി.സി.യുടെ ആദ്യ സർവ്വീസ് ആരംഭിക്കുകയും തുടർന്ന് മറ്റ് സർവ്വീസുകൾ അതിനു പിന്നാലെ ആരംഭിക്കുകയുമാണ് പതിവ്. രാത്രി ഏകദേശം 09.00 മണിയോടുകൂടി ഹൈക്കോടതിയിൽ എത്തിച്ചേരുന്ന അവസാന സർവ്വീസ് വൈപ്പിൻ ദ്വീപ് വഴി 10.15 -ന് നോർത്ത് പറവൂരിൽ അവസാനിക്കുന്നു. പുറമെ നോർത്ത് പറവൂരിൽ നിന്നും രാത്രി 10.25 -ന് ഞാറയ്ക്കലിലേക്ക് ഒരു സ്റ്റേ സർവ്വീസും നടത്തുന്നുണ്ട്. ഈ സർവ്വീസ് രാവിലെ 04.35 -ന് ഞാറയ്ക്കലിൽ നിന്ന് ചെറായി വഴി തിരിച്ച് ആലുവയിലേക്ക് പോകുന്നുണ്ട്.<br>കെ.എസ്.ആർ.ടി.സി സർവ്വീസുകൾ അനുവദിച്ച് നൽകിയ ടൈം ഷെഡ്യൂൾ പ്രകാരം കൃത്യമായും കാര്യക്ഷമമായും നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | വടക്കൻ ജില്ലകളിലേക്ക് സർവ്വീസ് നടത്തുന്ന രാത്രികാല സർവ്വീസുകളിൽ നിശ്ചിത എണ്ണം വൈപ്പിൻ- പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേവഴി സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ തെക്ക് വടക്ക് ജില്ലകളിൽ നിന്ന് വരുന്ന കെ.എസ്.ആർ.ടി.സി. യുടെ രാത്രികാല സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചു വിട്ടാൽ പ്രസ്തുത സർവ്വീസിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്ക് സമയ നഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതാണ്. ആയതിനാൽ ഇത്തരം രാത്രികാല സർവ്വീസുകൾ വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി തിരിച്ചുവിടുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല. |
| (ഡി) | അന്തർ ജില്ലാ സർവ്വീസുകൾ നടത്തുന്നതിന് പുതുതായി പെർമിറ്റ് നൽകുമ്പോൾ വൈപ്പിൻ- പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേവഴിയുള്ള സർവ്വീസിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വൈപ്പിൻ - പള്ളിപ്പുറം സ്റ്റേറ്റ് ഹൈവേ വഴി സർവ്വീസ് നടത്തിയാൽ യാത്രക്കാർക്ക് ധനനഷ്ടവും സമയ നഷ്ടവും ഉണ്ടാകുമെന്നതിനാൽ യാത്രക്കാർ ഇതുവഴി യാത്രചെയ്യാൻ താൽപര്യപ്പെടാത്തതിനാൽ അന്തർ ജില്ലാ സർവ്വീസുകൾ ഇതുവഴി നടത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ